Resolution re. Communal Representation in Service.

MR. M. N. PILLAI (*Trivandrum*): I do not move the resolution

The following resolution was not moved:

"This Council recommends to the Government that communal representation, so far as it is consistent with efficiency, be accepted as a principle in the case of all appointments in the State service."

Resolution re. Extension of Service.

PRESIDENT: The next resolution stands against the name of Mr. Tariatu Kunjitomman. It reads as follows:

"This Council recommends to the Government that officers drawing a salary of Rs. 100 and above, who have completed their 55th year of age, be retired from service and that it be ruled that such officers will, in no case, be granted extension of service in future."

MR. TARIATU KUNJITOMMAN (*Muvattupuzha*): "നൂറു രൂപയ്ക്കുമേൽ ശമ്പളമുള്ളവരും ൫൫ വയസ്സു തികഞ്ഞിട്ടുള്ളവരുമായ ഉദ്യോഗസ്ഥന്മാരെ എല്ലാം പബ്ലിക്കുസർവ്വീസിൽ നിന്നു വിടുത്തണമെന്നും അങ്ങനെയുള്ളവർക്കാർക്കും കൂടുതൽ കാലാവധി നീട്ടിക്കൊടുക്കാൻ പാടില്ലെന്നും ഈ യോഗം ഗവർണ്മെൻറിനോടു ശിപാർശചെയ്യുന്നു." ഇതാണു എന്റെ പ്രമേയം.

ഗവർണ്മെൻറു ഓരോ കാലത്തു ചില ഉദ്യോഗസ്ഥന്മാർക്കു കാലാവധിനീട്ടിക്കൊടുക്കയും മറുചിലർക്കു നീട്ടിക്കൊടുക്കാതിരിക്കയും ചെയ്യുകാൺന്നു. ഇതെന്തുതോതിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു രാജ്യവാസികൾക്കു സാമാന്യേന അറിയാൻ വഹിയാതേയും ഇരിക്കുന്നു. ജനങ്ങൾ ഗവർണ്മെൻറിന്റെ പ്രവൃത്തിയെ പലതരത്തിൽ വ്യാഖ്യാനിക്കുന്നതിനും ഗവർണ്മെൻറിന്റെ പ്രവൃത്തിയിൽ ദോഷാരോപണം ചെയ്യുന്നതിനും ഇടയാകുന്നു. ഇതു വളരെ കഷ്ടതരമാണെന്നുള്ള വസ്തുത ഇവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല. ദേഹാരോഗ്യം കുറഞ്ഞ ചിലരെ ൫൫ വയസ്സു തികഞ്ഞിട്ടും ഉദ്യോഗത്തിൽനിന്നു പിരിച്ചു വിടാതെ വച്ചുകൊണ്ടിരിക്കെ ദേഹാരോഗ്യമുള്ള പലരേയും ൫൫ വയസ്സു തികഞ്ഞ ഉടൻ പിരിച്ചുവിട്ടിരിക്കുന്നു. ഇതുകൊണ്ടു ദേഹാരോഗ്യത്തെ അടിസ്ഥാനപ്പെടുത്തിയല്ല കാലാവധി നീട്ടിക്കൊടുക്കുന്നതെന്നതെളിയുന്നു. കീഴുദ്യോഗസ്ഥന്മാരെ നിയന്ത്രിച്ചു ഭരിച്ചു ഡിപ്പാർട്ടുമെൻറിനെ നല്ലനിലയിൽ നയിച്ചുകൊണ്ടു പോകുന്നതിനു സാമർത്ഥ്യമുള്ളവർക്കാണു കാലാവധി നീട്ടിക്കൊടുക്കുന്നതെന്നു വിചാരിക്കയാണെങ്കിൽ ആ സംഗതിക്കും വ്യത്യസ്തമായ അനുഭവം ധാരാളമുണ്ടു്. പിന്നെ എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു ചിലർക്കു കാലാവധി നീട്ടിക്കൊടുക്കുന്നതു? ജാതിയേയൊ വർഗ്ഗത്തേയൊ

LIBRARY ARCHIVES Kerala Legislative Assembly